DESPATCHED
On...11.3.2020

31/01/2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561613, 2561614, 2561615, Fax: 0471-2330920
Email:- sic@kerala.nic.in

**CP.No. 1371(5)/17/SIC File No. 13969/SIC-G7/2017**

**സന്നിഹിത**
**ശ്രീമതി പി. ആർ. ശ്രീലത, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. മദനൻ. ടി. വി,<br>മുട്ടിച്ചരൽ,<br>ഇരിയ, കാസറഗോഡ് – 671 531. | പരാതി ഹർജിക്കാരൻ |
| ശ്രീമതി. അനിതകുമാരി. പി.കെ,<br>സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>സീനിയർ സൂപ്രണ്ട്,<br>പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം,<br>വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,<br>ഉത്തരമേഖല, കോഴിക്കോട്. | എതിർകക്ഷി |

**അന്തിമ ഉത്തരവ്**

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ പരാതി ഹർജിക്കാരനായ ശ്രീ. മദനൻ. ടി. വി 31.10.2017 തീയതിയായി സമർപ്പിച്ച പരാതി ഹർജി CP 1371(5)/17/SIC ആയി കമ്മീഷൻ ഫയലിൽ സ്വീകരിച്ച് 2019 മേയ് 25–ാം തീയതി തീർപ്പാക്കിയിരുന്നു. ടി ഉത്തരവിൽ, ചൂണ്ടിക്കാട്ടിയ വീഴ്ച സംബന്ധിച്ച് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായിരുന്ന ശ്രീമതി പി.കെ. അനിത കുമാരി 16.07.2019 തീയതിയായി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച വിശദീകരണം പരിശോധിച്ചു. ടി വിശദീകരണത്തിൽ പ്രസ്താവിച്ചിരിക്കുന്നത്, പരാതിക്കാരന്റെ 01.07.2017 തീയതിയിലുള്ള വിവരാവകാശ അപേക്ഷ 04.07.2017 തീയതിയിലാണ് ഓഫീസിൽ ലഭിക്കുന്നത് എന്നും 06.07.2019 ൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ടി.എ ബില്ലുകൾ ഉൾപ്പെടെയുള്ള എല്ലാ ബില്ലുകളും കൈകാര്യം ചെയ്യുന്ന ബി. സെക്ഷൻ ക്ലാർക്കിനെ അധികാരപ്പെടുത്തി നൽകുകയും അന്നു തന്നെ ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ജോലി തുടങ്ങുകയും ചെയ്തിരുന്നു എന്നും 01.08.2017 തീയതിയിൽ ടിയാന് നൽകാവുന്ന വിവരങ്ങളും ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകളുടെ എണ്ണവും തിട്ടപ്പെടുത്തി ലഭിക്കുകയും തുടർന്ന് ടിയാന് മറുപടി നൽകി എന്നുമാണ്. ടി വിശദീകരണം തൃപ്തികരമല്ല എന്നിരുന്നാലും ടി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ വിശദീകരണത്തിൽ പ്രസ്താവിച്ചിരിക്കുന്ന വസ്തുതകൾ കമ്മീഷൻ പരിഗണിക്കുകയും ചെയ്യുന്നു.

gs

ടി വസ്തുതകളെല്ലാം കണക്കിലെടുത്ത് കമ്മീഷൻ ഉത്തരവിൽ ചൂണ്ടികാട്ടിയിട്ടുള്ള വീഴ്ചകൾ മേലിൽ ആവർത്തിക്കാനിടയാകരുതെന്ന് ശക്തമായ താക്കീത് നൽകി കൊണ്ടും ശ്രീമതി പി.കെ. അനിതകുമാരിക്കെതിരെ ആരംഭിച്ച ശിക്ഷാനടപടികളിൽ നിന്ന് ടിയാരിയെ ഒഴിവാക്കി കൊണ്ടും പ്രസ്തുത പരാതി ഹർജി തീർപ്പാക്കി ഈ ഉത്തരവ് ഇന്നേ ദിവസം 2020 ജനുവരി മാസം 31-ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

gs